# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 669 — 04.04.2018 -ൽ മറുപടിക്ക്

## സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതി മെച്ചപ്പെടുത്തുന്നതിന് നടപടി

ചോദ്യം

**ശ്രീ.ബി.ഡി. ദേവസ്സി**
**ശ്രീ.കാരാട്ട് റസാഖ്**
**ശ്രീ.ഒ. ആർ. കേളു**
**ശ്രീ.കെ.ഡി. പ്രസേനൻ**

**ഉത്തരം**

പ്രൊഫ : സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതി മെച്ചപ്പെടുത്തുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | എ) യും ബി) യും | ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പ് കാര്യക്ഷമമായും സുതാര്യവുമാക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടികൾ അനുബന്ധമായി ചേർക്കുന്നു |
| ബി) | ഉച്ചഭക്ഷണം ഗുണനിലവാരം പുലർത്തുന്നതിനും പദ്ധതി നടപ്പാക്കുന്നതിൽ ക്രമക്കേടുകൾ ഉണ്ടാകുന്നില്ലെന്ന് ഉറപ്പ് വരുത്തുന്നതിനും ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണ്; അറിയിക്കുമോ; | | |
| സി) | രാജ്യത്ത് ഏറ്റവും മികച്ച രീതിയിൽ ഉച്ചഭക്ഷണ പദ്ധതി നടപ്പാക്കുന്ന സംസ്ഥാനത്ത് ഇതിനായി സ്വന്തം കൈയിൽ നിന്ന് ചെലവാകുന്ന തുക പ്രധാന അദ്ധ്യാപകർക്ക് കൃത്യമായി മടക്കി ലഭിക്കുന്നില്ലെന്ന പ്രശ്നം പരിഹരിക്കാൻ നടപടിയെടുക്കുമോ; വിശദാംശം വ്യക്തമാക്കുമോ? | സി) | ഉച്ചഭക്ഷണ പദ്ധിതിയിൽ പ്രഥമാദ്ധ്യാപകർ കൈയിൽ നിന്ന് തുക ചെലവാക്കേണ്ട സാഹചര്യം ഇപ്പോൾ നിലവിലില്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

- കേന്ദ്ര മാനവശേഷി വികസന വകുപ്പ് മന്ത്രാലയം നിഷ്കർഷിക്കുന്ന സംസ്ഥാന വിഹിതത്തേക്കാൾ ഉയർന്ന വിഹിതമാണ് സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയ്ക്ക് സർക്കാർ നീക്കിവയ്ക്കുന്നത്.
- പദ്ധതി പ്രവർത്തനത്തിന്റെ സുഗമമായ നടത്തിപ്പിനായി പാചക ചെലവിനുള്ള ഫണ്ട് സ്കൂൾ പ്രഥമാദ്ധ്യാപകരുടെ അക്കൗണ്ടുകളിലേക്കും പാചകതൊഴിലാളികൾക്ക് ഓണറേറിയം നൽകുന്നതിനായി ആവശ്യമായ തുക ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ അക്കൗണ്ടുകളിലേക്കും മുൻകൂറായി DBT സംവിധാനം വഴി നൽകി വരുന്നു.
- സ്കൂൾ പ്രഥമാദ്ധ്യാപകരുടേയും പാചകതൊഴിലാളികളുടേയും നിരന്തരം അഭ്യർത്ഥന മാനിച്ച് (2012 മുതൽ ആവശ്യപ്പെട്ട് വരുന്നത്) പാചകചെലവിനുള്ള തുകയും തൊഴിലാളികളുടെ ഓണറേറിയവും 2016 സെപ്റ്റംബറിൽ സർക്കാർ പരിഷ്കരിച്ചു. ഇതിൻ പ്രകാരം പാചകചെലവ് കുട്ടികളുടെ എണ്ണത്തെ അടിസ്ഥാനപ്പെടുത്തി പ്രതിദിനം കുട്ടിയൊന്നിന് 8/- രൂപ, 7/- രൂപ, 6/- രൂപ എന്നീ മൂന്ന് സ്ലാബുകളിലായി നൽകുവാനും പാചകതൊഴിലാളികൾക്ക് പ്രതിദിനം മിനിമം ഓണറേറിയം 400 രൂപയും പരമാവധി ഓണറേറിയം 475 രൂപയും നൽ കുവാനും തീരുമാനിച്ചു.
- സ്കൂളുകളിൽ ഉച്ചഭക്ഷണം പാചകം ചെയ്യുന്നതിനായി വിറകിനുപകരം പാചകവാതകം ഉപയോഗിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു.
- ഗുണമേന്മയുള്ളതും ഹൈജീനിക് ആയതുമായ ഭക്ഷണം കുട്ടികൾക്ക് ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതിനായി ഉച്ചഭക്ഷണത്തിന്റേയും വെള്ളത്തിന്റേയും സാമ്പിളുകൾ സ്കൂളുകളിൽ നിന്ന് ശേഖരിച്ച് മൈക്രോബയോളജി പരിശോധനയ്ക്ക് വിധേയമാക്കു ന്നു.
- സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട പരാതികൾ ഇ-മെയിൽ/ഫോൺ മുഖാന്തിരം സ്വീകരിക്കുവാൻ സംസ്ഥാനതലത്തിൽ സംവിധാനം ഏർപ്പെടുത്തി
- സ്കൂൾ ഉച്ചഭക്ഷണത്തിൽ കഴിവതും പ്രാദേശികമായി ശേഖരിക്കാവുന്ന വിഷരഹിത പച്ചക്കറികളും മറ്റ് കാർഷികോത്പന്നങ്ങളും ഉപയോഗിക്കുന്നതിന് ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.
- ഓരോ ദിവസവും ഉച്ചഭക്ഷണം കഴിക്കുന്ന കുട്ടികളുടെ എണ്ണം കൃത്യമായി അറിയുന്നതിനും ഇതിന്റെ അടിസ്ഥാനത്തിൽ പദ്ധതി പ്രവർത്തനം ദിനംപ്രതി

അവലോകനം ചെയ്യുന്നതിനും ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഉച്ചഭക്ഷണ പദ്ധതിയിൽ Online Automated Monitoring System (AMS) നടപ്പിലാക്കി.

- സംസ്ഥാനത്ത് ഉച്ചഭക്ഷണ പദ്ധതിയിലുൾപ്പെട്ട എല്ലാ പാചകത്തൊഴിലാളികൾക്കും ട്രെയിനിംഗ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. എല്ലാ ജില്ലകളിൽ നിന്നും 30 പാചകതൊഴിലാളികളെ വീതം മാസ്റ്റർ ട്രെയിനർമാരായി തിരഞ്ഞെടുക്കുകയും അവർക്ക് ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകളിൽ വച്ച് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്.
- സംസ്ഥാന സർക്കാരിന്റെ നിരന്തര പരിശ്രമത്തിന്റെ ഫലമായി 3031 പാചകപ്പുരകൾ നിർമ്മിക്കുവാനുള്ള കേന്ദ്രഫണ്ട് ലഭ്യമായിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷം സംസ്ഥാനത്തിന് ലഭിക്കേണ്ട ഫണ്ടാണ് ഇപ്പോൾ ലഭ്യമായിട്ടുള്ളത്. സർക്കാർ വിദ്യാലയങ്ങൾക്ക് മുൻഗണന നൽകി ഈ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ധനസഹായത്തോടും എം.പി മാരുടേയും എം.എൽ.എ മാരുടേയും വികസന ഫണ്ടുകൾ പ്രയോജനപ്പെടുത്തി സ്ഥലസൗകര്യമുള്ള സ്കൂളുകളിൽ ഡൈനിംഗ് ഹാളുകൾ നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ പൊതുവിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ചു വരുന്നു.
- 600 ഓളം സ്കൂളുകളിൽ മാത്രമുണ്ടായിരുന്ന പ്രഭാതഭക്ഷണ പരിപാടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ചാരിറ്റബിൾ സൊസൈറ്റികൾ, സ്കൂൾ പി.ടി.എ കൾ, എൻ.ജി.ഒ കൾ എന്നിവരുടെ ധനസഹായത്തോടെ 3000ത്തോളം സ്കൂളുകളിലേക്ക് വ്യാപിപ്പിച്ചു.
- 2016-17 അദ്ധ്യയന വർഷത്തിൽ ഓണാവധിക്കാലത്ത് സ്കൂൾ കുട്ടികൾക്ക് കുട്ടിയൊന്നിന് 5 കിലോ അരി വീതം നൽകി.
- ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലെ നൂൺമീൽ ഓഫീസർമാർ പ്രതിമാസം മിനിമം 15 സ്കൂളുകൾ സന്ദർശിക്കുകയും ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പ് അവലോകനം ചെയ്യുകയും ആവശ്യമായ നിർദ്ദേശങ്ങൾ സ്കൂൾ പ്രഥമാദ്ധ്യാപകർ, ചുമതലയുള്ള അദ്ധ്യാപകർ, പാചക തൊഴിലാളി എന്നിവർക്ക് നൽകുകയും ചെയ്യുന്നു.
- പദ്ധതി പ്രവർത്തനം കാര്യക്ഷമമായി മോണിറ്റർ ചെയ്യുന്നതിന് വിദ്യാഭ്യാസ ഉപഡയറക്ടർമാർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ എന്നിവർ ആഴ്ചയിൽ

ഒരിക്കൽ ഏതെങ്കിലും ഒരു സ്കൂൾ സന്ദർശിച്ച് ഉച്ചഭക്ഷണ പദ്ധതി പ്രവർത്തനം മോണിറ്റർ ചെയ്യുകയും കുട്ടികളോടൊപ്പം ഉച്ചഭക്ഷണം കഴിക്കുകയും ചെയ്തുവരുന്നു.

- പ ദ്ധതി നടത്തിപ്പ് സംബന്ധിച്ച പരാതികൾ സ്വീകരിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർ തലത്തിൽ ആവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്, വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും പൊതുജനങ്ങൾക്കും ഇ-മെയിൽ/ഫോൺ മുഖാന്തിരം പരാതികൾ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ സമർപ്പിക്കാവുന്നതാണ്.